1505. [2259] [ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പോലീസ് വകുപ്പിൽ എത്ര സർക്കിൾ ഇൻസ്പെക്ടർമാരുടെ തസ്തികകൾ ഉണ്ട് ;

(ബി) അതിൽ എത്ര എസ്. ടി. /എസ്. സി. ക്കാരെ സംവരണം ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത തസ്തികകളിൽ എസ്. സി./എസ്. ടി. ക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിജിലൻസ് വകുപ്പ് ഉൾപ്പെടെ 283 തസ്തികകൾ ഉണ്ട്.

(ബി) പോലീസ് വകുപ്പിൽ ആകെയുള്ള തസ്തികകളുടെ പത്തു ശതമാനം.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ആദിവാസി കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥൻമാർക്ക് കോമ്പൻസേറ്ററി അലവൻസ്

1506. [2260] [ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഉദ്യോഗസ്ഥൻമാർക്ക് സർക്കാർ നൽകിവന്നിരുന്ന കോമ്പൻസേറ്ററി അലവൻസ് 1983 മാർച്ച് മുതൽ ലഭിക്കുന്നില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ, അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) 1984 മാർച്ച് മുതൽ ഈ കോമ്പൻസേറ്ററി അലവൻസ് നൽകുന്നില്ല.

(ബി) ഉണ്ട്.

(സി) കോമ്പൻസേറ്ററി അലവൻസ് തുടർന്നു നൽകണോ എന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

മലവേടൻമാരുടെ സംഖ്യ

1507. [2261] [ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലവേടൻമാരുടെ സംഖ്യ എത്രയാണ് ;

(ബി) ഏതെല്ലാം ജില്ലകളിൽ ; എത്ര വീതം ;

(സി) ഇവരെ ഗിരിജനങ്ങളായി അംഗീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly